(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചതിൽ 421 റോഡുകളാണ് നിലവിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നത്.

(സി) പി.എം.ജി.എസ്.വൈ. 100 ശതമാനം കേന്ദ്ര സഹായമുള്ള പദ്ധതിയാണ്. എന്നാൽ പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും, ടെണ്ടർ പ്രീമിയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം 5 വർഷത്തെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്.

(ഡി) നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാത്ത ഫേസ് 2 മുതൽ 7 വരെയുള്ള പ്രവൃത്തികൾ 2010 ഷെഡ്യൂൾ പ്രകാരം റിവൈസ് ചെയ്ത് 42 ശതമാനം വരെ ടെണ്ടർ പ്രീമിയം അനുവദിച്ചത് വഴി 155 പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കുന്നതിന് സാധിച്ചു. കൂടാതെ വിവിധ കാരണങ്ങളാൽ ആരംഭിക്കാത്തതും മുടങ്ങിക്കിടന്നതുമായ മുൻഘട്ടങ്ങളിലെ 130 കി.മീറ്റർ ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രവൃത്തികൾക്ക് 2013 PMGSY Schedule of rate പ്രകാരം സംസ്ഥാന സർക്കാർ വിഹിതമായി 60.64 ലക്ഷം രൂപ അധിക തുക നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതികളിലേക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളിലെ ഉദ്യോഗസ്ഥരുടെ അദ്ധ്യക്ഷതയിൽ കരാറുകാരുടെ യോഗവും പരിശീലന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്.

കോർപ്പറേഷൻ / മുനിസിപ്പാലിറ്റി രൂപീകരണം

28 (*148) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള കോർപ്പറേഷനുകളെ വിഭജിച്ച് പുതിയതായി മുനിസിപ്പാലിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഇതിനു പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള കോർപ്പറേഷനുകൾ പ്രസ്തുത നടപടിയിൽ എതിർപ്പുകൾ അറിയിച്ചിട്ടുണ്ടോ ; ഇക്കാര്യം പരിഗണിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) തിരുവനന്തപുരം, കോഴിക്കോട്, മുനിസിപ്പൽ കോർപ്പറേഷനുകൾ വിഭജിച്ച് പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4 (2) വകുപ്പുപ്രകാരം ഏതെങ്കിലും മുനിസിപ്പൽ പ്രദേശത്തെ രണ്ടോ അതിലധികമോ മുനിസിപ്പൽ പ്രദേശങ്ങളായി വിഭജിക്കാവുന്നതാണ്.

(സി) നിലവിലുള്ള കോർപ്പറേഷനുകളോട് കൂട്ടിച്ചേർത്ത പ്രദേശത്തെ ജനങ്ങൾക്ക് കോർപ്പറേഷന്റെ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്നും വികസനവും മറ്റു ക്ഷേമ പ്രവർത്തനങ്ങളും എത്തുന്ന കാര്യത്തിൽ മറ്റ് പ്രദേശങ്ങളുമായി അസന്തുലിതാവസ്ഥ ഉണ്ടെന്നും കൂട്ടിച്ചേർക്കൽ അശാസ്ത്രീയമാണെന്നുമുള്ള നിരവധി ആക്ഷേപങ്ങൾ ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സമീപ ഭാവിയിലെ വികസന സാധ്യതകൾ, ഇൻഡസ്ട്രിയൽ ഏരിയ, ഐ.ടി. ഹബ്, ശാസ്ത്രീയമായ വികസന സാധ്യത, പ്രദേശങ്ങൾ തമ്മിലുള്ള കണക്ടിവിറ്റി, സാറ്റ്ലൈറ്റ് ടൗൺ ആയി വികസിപ്പിക്കാനുള്ള സാധ്യത തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഇതിലേയ്ക്കായി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുകളുടെ അഭിപ്രായം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014 -15-ലെ പദ്ധതി വിനിയോഗം

29 (*149) ശ്രീ. എസ്. ശർമ്മ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014-15-ലെ പദ്ധതി വിനിയോഗം സംബന്ധിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എന്നായിരുന്നെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly